# X സാമൂഹ്യശാസ്ത്രം I




## സമരവും സ്വാതന്ത്ര്യവും

1. ഇന്ത്യൻ സ്വാതന്ത്ര്യസമരകാലത്തു രൂപം കൊണ്ട വിപ്ലവ പ്രസ്ഥാനങ്ങളുടെ ലക്ഷ്യം ഇന്ത്യൻ സ്വാതന്ത്ര്യം തന്നെയായിരുന്നു. സമർത്ഥിക്കുക.

| പ്രസ്ഥാനം | സ്ഥാപകർ |
|---|---|
| **സ്വരാജ് പാർട്ടി** | • മോത്തിലാൽ നെഹ്റു, സി.ആർ.ദാസ് സ്ഥാപക നേതാക്കൾ<br>• 1923 ൽ രൂപം കൊണ്ട സ്വരാജ് പാർട്ടി നിയമ നിർമ്മാണ സഭകളെ ബഹിഷ്കരിക്കാതെ പോരാട്ടത്തിനും അഭിപ്രായപ്രകടനത്തിനുമുള്ള വേദിയാക്കണം എന്നു വാദിച്ചു. |
| **ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ** | • 1928 ൽ ഭഗത്സിങ്, ചന്ദ്രശേഖർ ആസാദ്, രാജ്ഗുരു, സുഖ്ദേവ് എന്നിവർ ചേർന്ന് ആരംഭിച്ചു.<br>• കോളനിഭരണം അട്ടിമറിക്കാൻ സായുധവിപ്ലവ പാത തിരഞ്ഞെടുത്തു.<br>• സായുധവിപ്ലവത്തിനായി റിപ്പബ്ലിക്കൻ ആർമി രൂപീകരിച്ചു.<br>• പൗരാവകാശങ്ങൾ പരിമിതപ്പെടുത്തുന്ന കരിനിയമങ്ങളിൽ പ്രതിഷേധിക്കാൻ ഭഗത്സിങ്ങും ബദുകേശ്വർ ദത്തും ചേർന്ന് സെൻട്രൽ ലെജിസ്ലേറ്റീവ് അസംബ്ലിയിൽ ബോംബെറിഞ്ഞു. |
| **ഫോർവേഡ് ബ്ലോക്ക്** | • സുഭാഷ് ചന്ദ്രബോസ് രൂപീകരിച്ചു.<br>• ഇന്ത്യൻ നാഷണൽ ആർമി (ഐ.എൻ. എ.) യുടെ നേതൃത്വം സുഭാഷ് ചന്ദ്രബോസ് ഏറ്റെടുത്തു.<br>• ക്യാപ്റ്റൻ ലക്ഷ്മിക്ക് ഝാൻസി റാണി വനിതാ വിഭാഗം റെജിമെന്റിന്റെ നേതൃത്വം. |

SPJ MTDMHSS THONDERNAD

| | |
|---|---|
| **കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി** | • 1934 ൽ ബോംബെയിൽ രൂപീകരിച്ചു.<br>• ജയപ്രകാശ് നാരായൺ, അരുണാ ആസഫലി നേതാക്കൾ<br>• റഷ്യൻ വിപ്ലവത്തിൽ നിന്നും പ്രചോദനം.<br>• സോഷ്യലിസ്റ്റ് ആശയങ്ങൾ മുറുകെ പിടിച്ചു. |
| **ഗദാർ പാർട്ടി** | • ലാല ഹർദയാൽ രൂപീകരിച്ചു. |
| **അഭിനവ് ഭാരത് സൊസൈറ്റി** | • വി.ഡി. സവർക്കർ രൂപീകരിച്ചു. |
| **അനുശീലൻ സമിതി** | • ബരീന്ദർ കുമാർ ഘോഷ്, പുലിൻ ബിഹാരി ദാസ് എന്നിവർ രൂപീകരിച്ചു. |
| **ഇന്ത്യൻ റിപബ്ലിക്കൻ ആർമി** | • സൂര്യസെൻ രൂപീകരിച്ചു. |

2. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഐ.എൻ.എയുടെയും പങ്ക് പരിശോധിക്കുക.

- സുഭാഷ് ചന്ദ്രബോസ് ഫോർവേഡ് ബ്ലോക്ക് രൂപീകരിക്കുകയും ഇന്ത്യൻ നാഷണൽ ആർമി (ഐ.എൻ. എ.) യുടെ നേതൃത്വം ഏറ്റെടുക്കുകയും ചെയ്തു.
- ഗാന്ധിയൻ സമര രീതികളോട് വിയോജിപ്പ് പ്രകടിപ്പിച്ചു.
- സിംഗപ്പൂരിൽ ഇന്ത്യക്ക് ഒരു താത്കാലിക ഗവൺമെന്റുണ്ടാക്കി.
- ബ്രിട്ടനെ ഇന്ത്യൻ മണ്ണിൽ നിന്നും തുരത്താൻ ജപ്പാന്റെ സഹായത്തോടെ സായുധ പ്രവർത്തനങ്ങളിലേർപ്പെട്ടു.

3. ഇന്ത്യയിൽ തൊഴിലാളിപ്രസ്ഥാനങ്ങൾ രൂപീകരിക്കാനിടയാക്കിയ വിപ്ലവം ഏതായിരുന്നു.?

- റഷ്യൻ വിപ്ലവം

4. ആദ്യകാലത്ത് ഇന്ത്യയിൽ രൂപീകരിക്കപ്പെട്ട തൊഴിലാളിസംഘടനകൾ ഏവ? അവയുടെ പ്രധാന ലക്ഷ്യങ്ങൾ ഏതെല്ലാം?

- അഹമ്മദാബാദ് ടെക് സ്റ്റൈൽ അസോസിയേഷൻ
- മദ്രാസ് ലേബർ യൂണിയൻ
- 1920 ൽ എൻ.എം ജോഷി, ലാലാ ലജ്പത് റായി എന്നിവർ മുൻകൈ എടുത്ത് അഖിലേന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസ്സ് (AITUC) രൂപീകരിച്ചു.
- തെഴിലാളിവർഗമെന്ന നിലയിൽ സംഘടിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക.
- ഇന്ത്യൻ തൊഴിലാളിവർഗം രാജ്യത്തിനുപുറത്തുള്ള തൊഴിലാളിവർഗവുമായി പ്രവർത്തിക്കുക.
- സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ സജീവ പങ്കുവഹിക്കുക.

5. കിസാൻ മാനിഫെസ്റ്റോയ്ക്ക് രുപം നൽകിയതാര്? ഇതിൽ ഉൽപ്പെടുത്തിയിരിക്കുന്ന ആവശ്യങ്ങൾ ഏതെല്ലാം?

SPJMTDMHSS THONDERNAD

- ബോംബെയിലെ അഖിലേന്ത്യ കിസാൻ സമിതിയാണ് കിസാൻ മാനിഫെസ്റ്റോയിക്ക് രൂപം നൽകിയത്.
- ഭൂനികുതിയും പാട്ടവും 50% കുറയ്ക്കുക.
- ഫ്യൂഡൽനികുതികൾ റദ്ദാക്കുക.
- കടങ്ങൾ മരവിപ്പിക്കുക.
- കർഷകത്തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുക.
- കർഷക യൂണിയനുകളെ അംഗീകരിക്കുക.

6. ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകാൻ ബ്രിട്ടനെ നിർബന്ധിതമാക്കിയ ഘടകങ്ങൾ എന്തെല്ലാം?
    - രണ്ടാം ലോകയുദ്ധാനന്തരം ബ്രിട്ടന്റെ സാമ്പത്തിക – സൈനിക ശേഷി ക്ഷയിച്ചു.
    - ഏഷ്യൻ -ആഫ്രിക്കൻ രാജ്യങ്ങളിൽ സ്വാതന്ത്ര്യ പ്രസ്ഥാനങ്ങൾ ശക്തിപ്പെട്ടു.
    - സോവിയറ്റ് യൂണിയനും അമേരിക്കയും കോളനിവാഴ്ച്ചക്കെതിരെ നിലപാടെടുത്തത്.
    - ഇന്ത്യയോട് അനുഭാവം പുലർത്തിയിരുന്ന ക്ലമന്റ് ആറ്റ്ലിയുടെ നേതൃത്തിൽ ലേബർ പാർട്ടി ബ്രിട്ടനിൽ അധികാരത്തിൽ വന്നത്.

7. മൗണ്ട് ബാറ്റൺ പദ്ധതിയിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു.?
    - മുസ്ലിംങ്ങൾക്ക് ഭൂരിപക്ഷമുള്ള പ്രദേശത്ത് അവർ ആഗ്രഹിക്കുകയാണെങ്കിൽ ഒരു പ്രത്യേക രാജ്യം അനുവദിക്കേണ്ടതാണ്.
    - പഞ്ചാബും ബംഗാളും രണ്ടായി വിഭജിക്കേണ്ടതാണ്.
    - വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനം പാക്കിസ്ഥാനിൽ ചേർക്കണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നതിന് ഒരു ഹിതപരിശോധന നടത്തുന്നതാണ്.
    - ബംഗാളിലെയും പഞ്ചാബിലെയും ഹിന്ദു- മുസ്ലിം സംസ്ഥാനങ്ങളുടെ അതിർത്തി നിർണയിക്കുന്നതിന് ഒരു അതിർത്തിനിർണയ കമ്മീഷനെ നിയമിക്കുന്നതാണ്.

8. ബ്രിട്ടീഷ് പാർലമെന്റ് ഇന്ത്യൻ സ്വാതന്ത്ര്യനിയമം പാസാക്കിയതെന്ന്?
    - 1947 ജൂലൈ

10. സ്വതന്ത്ര ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രി ആര്?
    - ജവഹർലാൽ നെഹ്റു.

11. അതിർത്തി ഗാന്ധി എന്നറിയപ്പെടുന്ന വ്യക്തിയാര്?
    - ഖാൻ അബ്ദുൽ ഗാഫർഖാൻ

Prepared by
SHIBU P J
MTDMHSS THONDERNAD
WAYANAD, 9747585905

SPJ MTDMHSS THONDERNAD